പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3417

09.04.2013 - ൽ മറുപടിക്ക്

# റേഷൻ പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം

ചോദ്യം

ശ്രീമതി കെ. എസ്. സലീഖ :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| (എ) റേഷൻ പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം ആന്ധ്ര പ്രദേശ് സംസ്ഥാനത്ത് നടപ്പിലാക്കിയതുപോലെ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിലേക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിവരികയാണ്. |
| (ബി) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുടമകളാണുള്ളത്; പ്രസ്തുത കാർഡുടമകളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റലാക്കിയിട്ടുണ്ടോ; റേഷൻ കാർഡുകളുടെ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുവാൻ സാധിച്ചുവോ; | (ബി) | സംസ്ഥാനത്ത് 80.25 ലക്ഷം റേഷൻകാർഡുടമകളാണുള്ളത്. കാർഡുടമകളുടെ വിവരങ്ങൾ ഡിജിറ്റൽ ആക്കിയിട്ടുണ്ട്. റേഷൻ കാർഡുകളുടെ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) എത്ര ലക്ഷം ടൺ ഭക്ഷ്യധാന്യമാണ് ഒരു മാസം കേരളത്തിൽ വിതരണം ചെയ്യുന്നത്; വിതരണത്തിൽ പിഴവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ശരാശരി 1.34 ലക്ഷംടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം വിതരണം ചെയ്തിരുന്നു. കൂടിയ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിൽക്കുന്നതായും കരിഞ്ചന്തയിലൂടെ പോകുന്നതായും ചില പത്രമാധ്യമങ്ങളിൽ വാർത്തവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പൊതുവിതരണ സമ്പ്രദായത്തിലെ പിഴവ് പരിഹരിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ഇലക്ട്രോണിക് പൊതുവിതരണ സമ്പ്രദായം (ഇ-പി.ഡി.എസ്) നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ഡി) | കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ഇലക്ട്രോണിക് പൊതുവിതരണസമ്പ്രദായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 80 ലക്ഷത്തോളം വരുന്ന കാർഡുടമകളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) ഇ-പി.ഡി.എസ് പദ്ധതി എന്നു മുതൽ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്;<br>(എഫ്) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചിലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിൽ എന്ത് തുക കേന്ദ്രസർക്കാർ നൽകുമെന്ന് വ്യക്തമാക്കുമോ? | (ഇ) & (എഫ്) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിവരികയാണ്. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള തുകയുടെ 50% കേന്ദ്ര സർക്കാരിൽ നിന്നു ലഭ്യമാക്കുകയും, സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ